# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.4875

27.10.2016 -ൽ
മറുപടിയ്ക്ക്

**<u>ചിറ്റൂർ, കൊഴിഞ്ഞാമ്പാറ ഗവൺമെന്റ് കോളേജുകളുടെ വികസനം</u>**

| | **<u>ചോദ്യം</u>**<br>ശ്രീ.കെ.കൃഷ്ണൻകുട്ടി | | **<u>മറുപടി</u>**<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ചിറ്റൂർ ഗവൺമെന്റ് കോളേജിന്റെ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ചിറ്റൂർ ഗവൺമെന്റ് കോളേജിന്റെ വികസനത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:<br>1) ഗവൺമെന്റ് കോളേജ് മെയിൻ ബ്ലോക്കിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ - 30 ലക്ഷം രൂപ<br>2) തമിഴ്, ഹിസ്റ്ററി, ജോഗ്രഫി ബ്ലോക്കുകളുടെ പുനരുദ്ധാരണം- 16 ലക്ഷം രൂപ<br>3) ഗവൺമെന്റ് കോളേജിന് പുതിയ കെട്ടിടനിർമ്മാണം -100 ലക്ഷം രൂപ<br>4) ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം- 200 ലക്ഷം രൂപ<br>5) ഗവൺമെന്റ് കോളേജിലെ അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണം-ഇപ്പോൾ പണി നടന്നു വരുന്നു.- 176 ലക്ഷം രൂപ<br>6) ഗവൺമെന്റ് കോളേജിലെ പി.ജി ബ്ലോക്കിന്റെ നിർമ്മാണം-ഇപ്പോൾ പണി നടന്നു വരുന്നു (നബാർഡ് സ്കീം) - 150 ലക്ഷം രൂപ |
| (ബി) | കൊഴിഞ്ഞാമ്പാറ ഗവൺമെന്റ് കോളേജിന്റെ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് പുതുതായി ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കൊഴിഞ്ഞാമ്പാറ ഗവൺമെന്റ് കോളേജിന്റെ വികസനത്തിനായി പുതുതായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:<br>1) പുതിയ ബ്ലോക്കിന്റെ നിർമ്മാണം - 100 ലക്ഷം രൂപ<br>2) ഇന്റേണൽ റോഡ് നിർമ്മാണം - 30 ലക്ഷം രൂപ<br>3) കോളേജിന് പുതിയ കെട്ടിടനിർമ്മാണം -240 ലക്ഷം രൂപ |
| (സി) | തമിഴ്-ന്യൂനപക്ഷ മേഖലയിൽപ്പെട്ട കോളേജുകൾ എന്ന സവിശേഷ പരിഗണന മേൽപ്പറഞ്ഞ രണ്ട് കോളേജുകൾക്ക് ഇന്നേവരെ ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. കൊഴിഞ്ഞാമ്പാറ ഗവൺമെന്റ് കോളേജിനും, ചിറ്റൂർ ഗവൺമെന്റ് കോളേജിനും 10% സീറ്റ് തമിഴ് ന്യൂനപക്ഷത്തിന് കാലിക്കറ്റ് യൂണിവേഴ്സിറ്റി അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരം ഈ കോളേജുകളിൽ അഡ്മിഷൻ നടത്തിവരുന്നുണ്ട്. തമിഴ് ന്യൂനപക്ഷ മേഖലയിൽപ്പെട്ട കോളേജ് എന്ന മറ്റു പരിഗണനകളൊന്നും തന്നെ ഈ കോളേജുകൾക്ക് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | തമിഴ്-ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ വികസനത്തിനുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത കോളേജുകളിൽ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | 15.07.2015-ലെ ഭാഷാ ന്യൂനപക്ഷ കമ്മിറ്റിയുടെ യോഗത്തിൽ സംസ്ഥാനത്തിലെ ഭാഷാ ന്യൂനപക്ഷ ജില്ലകളിലെ സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതാണെന്ന് തീരുമാനിച്ചിരുന്നു. ആയതനുസരിച്ച് ചിറ്റൂർ, കൊഴിഞ്ഞാമ്പാറ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ